കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത്

# 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ് ജില്ലാ

ഓഡിറ്റ് കാര്യാലയം

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എസ്.ഡി-6/199/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.
തിയ്യതി :22-03-2017

സീനിയർ ഡപ്യൂട്ടി ഡയറക്ടർ

*പ്രസിഡന്റ്*,

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത്.

(സെക്രട്ടറി മുഖേന)

സർ,

വിഷയം : കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് 2015-2016 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ),കാസറഗോഡ്.

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ- കെ.എസ്.ഡി-6/199/2017 തിയ്യതി: 22-03-2017

കാസറഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കാസറഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ജെസ്റ്റോ പോൾ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 13-02-2017മുതൽ 18-02-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| ക്രമ നം | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.മഹേശ.ബി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| 2 | ശ്രീ.വിനോദ് കുമാർ.സി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.ജയാനന്ദ.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീ.യാദവ കുമാർ.സി.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.അഡ്വക്കേറ്റ് മുംതാസ് ഷുക്കൂർ | 01-04-2015മുതൽ 31-10-2015വരെ |
| | ശ്രീ.മുഹമ്മദ് കുഞ്ഞി | 01-11-2015 മുതൽ 31-03-2016വരെ |
| സെക്രട്ടറി | ശ്രീ.ബെവിൻ ജോൺ വർഗ്ഗീസ് | 01-04-2015 മുതൽ 12-02-2016വരെ |
| | ശ്രീ.ബാലകൃഷണ.ബി, Joint BDO(i/c) | 13.02.2016 മുതൽ 18.02.2016 വരെ |
| | ശ്രീ.പത്മാധരൻ.എൻ | 19.02.2016 മുതൽ 31.03.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.കെ.എം. കുഞ്ഞുമോൻ. | 01-04-2015മുതൽ 19-06-2015വരെ |
| | ശ്രീ.രഞ്ജിത്ത്.പി.കെ | 20-06-2015മുതൽ 07-07-2015വരെ |
| | ശ്രീ.വൽസൻ പടിഞ്ഞാറെപ്പുറയിൽ | 08-07-2015മുതൽ 06-08-2015വരെ |
| | ശ്രീ.രഞ്ജിത്ത്.പി.കെ | 07-08-2015മുതൽ 17-08-2015വരെ |
| | ശ്രീ.വൽസൻ പടിഞ്ഞാറെപ്പുറയിൽ | 18-08-2015മുതൽ 31-08-2015വരെ |
| | ശ്രീ.രഞ്ജിത്ത്.പി.കെ | 01-09-2015മുതൽ 18-09-2015വരെ |
| | ശ്രീ.രാജീവൻ ഉറുമിവളപ്പിൽ | 19-09-2015മുതൽ 31-03-2016വരെ |
| എസ്.ടി.ഡെവലപ്മെന്റ് ഓഫീസർ | ശ്രീമതി.പ്രസന്ന.കെ.എം | 01-04-2015മുതൽ 31-03-2016വരെ |
| എസ്.സി.ഡെവലപ്മെന്റ് ഓഫീസർ | ശ്രീ. പി.ബി.ബഷീർ.എം. | 01-04-2015മുതൽ 31-03-2016വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.അഞ്ജു കുര്യൻ | 01-04-2015മുതൽ 31-03-2016വരെ |
| കൃഷി അസിസ്റ്റന്റ്ഡയറക്ടർ | ശ്രീ.കൃഷ്ണസ്വാമി.എം.വി | 01-04-2015മുതൽ 31-03-2016വരെ |
| സി.ഡി.പി.ഒ. | ശ്രീമതി.ഷെറീന ഷെരീഫ് .കെ.പി | 01-04-2015മുതൽ 21-11-2015വരെ |
| | ശ്രീമതി.ഗിരിജ.കെ.വി | 22-11-2015മുതൽ 29-11-2015വരെ |
| | ശ്രീമതി.ടിൻസി രാമകൃഷ്ണൻ | 30-11-2015മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ ഗവ.ഹോമിയോ ആശുപത്രി കളനാട് | ഡോ.സുലേഖ.വി. | 01-04-2015മുതൽ 03-07-2015 വരെ |
| | ഡോ.ചെറിയാൻ | 04-07-2015മുതൽ 17-01-2016 വരെ |
| | ഡോ.ദിവ്യ ജോസ് | 18-01-2016മുതൽ 31-03-2016 വരെ |

| | | |
|---|---|---|
| ഗവ.വൃദ്ധമന്ദിരം,സൂപ്രണ്ട് | ശ്രീ.രാജു | 01-04-2015മുതൽ 31-03-2016 വരെ |
| ഗവ.മഹിളാമന്ദിരം,സൂപ്രണ്ട് | ശ്രീമതി.ശാന്തകുമാരി.സി.എ | 01-04-2015മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി.കുമ്പള | ഡോ.ദിവാകര.റൈ | 01-04-2015മുതൽ 04-09-2015 വരെ |
| | ഡോ.ഈശ്വര നായിക്ക്.കെ | 05-09-2015മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി.ബദിയടുക്ക | ഡോ.സത്യശങ്കര ഭട്ട് | 01-04-2015മുതൽ 31-03-2016 വരെ |
| സി.ഡി.പി.ഒ അഡീഷണൽ,ചെങ്കള | ശ്രീമതി.ദേവി.എൻ | 01-04-2015മുതൽ 21-11-2015വരെ |
| | ശ്രീമതി.ജ്യോതി.പി | 22-11-2015മുതൽ 31-03-2016 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| | ഭാഗം 2-ഇല്ല | |
| | ഭാഗം 3 | |
| 10 | കെ.കെ. പുരം - കുന്നിൽ ഫുട്ട് പാത്ത് & ഡ്രൈനേജ് നിർമ്മാണം - കോൺക്രീറ്റ് പ്രവൃത്തിക്ക് - കൂടിയ നിരക്ക് അനുവദിച്ചത് -അംഗീകരിക്കുന്നില്ല. | 3-1 |

| | | |
|---|---|---|
| 11 | പന്നിപ്പാറ അങ്കണവാടി കെട്ടിട നിർമ്മാണം - പ്ലാസ്റ്ററിംഗ് പ്രവൃത്തിക്ക് രണ്ട് പ്രാവശ്യം തുക അനുവദിച്ചത് -അംഗീകരിക്കുന്നില്ല. | 3-2 |
| 12 | കുന്നിൽ അങ്കണവാടി കെട്ടിട നിർമ്മാണം - സിറാമിക് ടൈൽസ് ഉപയോഗിച്ചുള്ള ഫ്ലോറിംഗ് പ്രവൃത്തിക്ക് - കൂടിയ നിരക്ക് അനുവദിച്ചത് -അംഗീകരിക്കുന്നില്ല. | 3-3 |
| 13 | ഗുണഭോക്തൃ സമിതികൾ മുഖേന നിർവഹണം നടത്തിയ 10 ലക്ഷത്തിനു മുകളിൽ അളവുമൂല്യമുള്ള പ്രവൃത്തികൾക്ക് കുറഞ്ഞ നിരയ്ക്കിൽ വാറ്റ് ഈടാക്കി- സംസ്ഥാന സർക്കാരിന് നഷ്ടം. | 3-4 |
| 14 | പത്ര പരസ്യത്തിന് അധികനിരക്ക് നൽകിയത് | 3-5 |
| 15 | വിനിയോഗസാക്ഷ്യപത്രം - ലഭ്യമാക്കിയിട്ടില്ല. | 3-6 |
| 16 | ഭവന നിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല | 3-7 |
| | ഭാഗം 4 | |
| 17 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 18 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 19 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 20 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 21 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 22 | ഓഡിറ്റ് റിക്കവറി | 4-6 |
| 23 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 24 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 25 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



അനുബന്ധം

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്
2) ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട്
3) റസീറ്റ് & പേമെന്റ് അക്കൗണ്ട്
4) ബാലൻസ് ഷീറ്റ്

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25-03-2015 ലെ ഭരണസമിതി തീരുമാനം നമ്പർ 01/15 പ്രകാരം അംഗീകരിക്കുകയുണ്ടായി . ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 0 |
| വരവ് | 43,10,95,800 |
| ആകെ | 43,10,95,800 |
| ചെലവ് | 43,04,66,800 |
| നീക്കിയിരിപ്പ് | 6,29,000 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 23.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 02-02-2017 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം ആയിഉൾപ്പെടുത്തിയിട്ടുണ്ട് |

1. ആസ്തിവിവരങ്ങളുടെ സാംഖ്യമായുള്ള ബന്ധപ്പെടുത്തൽ പൂർത്തീകരിച്ചിട്ടില്ല.
2. Balance Sheet ൽ B-11 Schedule ൽ Fixed Assets ആസ്തികളുടെ മൂല്യനിർണയം നടത്തിയതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ റിജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| വർഷം | 2015-2016 |
| മുന്നിരിപ്പ് | 8,13,97,322 |
| വരവ് | 9,82,73,039 |
| ആകെ | 17,96,70,361 |
| ചെലവ് | 11,84,85,993 |
| നീക്കിയിരിപ്പ് | 6,11,84,368 |

( കുറിപ്പ്: വാർഷിക ധനകാര്യപത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താത്ത മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വേതനമിനത്തിലുള്ള 2,54,955 രൂപ മേൽ കണക്കിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്).

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (RP-40b പ്രകാരം) |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 66,19,271 | 2,30,57,334(TC-67,300) | 2,97,43,905 | 2,97,43,905 | 0 |
| വികസനഫണ്ട് എസ്.സി.പി. | 2,93,411 | 53,50,528 | 56,43,939 | 56,43,939 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 67,300 | 35,13,250 | 35,80,550 | 35,13,250 | (-67,300-TC) |
| സംരക്ഷണഗ്രാന്റ് | 58,67,121 | 2,50,476 | 61,17,597 | 61,17,597 | 0 |
| എം.എൻ.ആർ.ജി | 0 | 2,54,955 | 2,54,955 | 2,54,955 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 104 | 14,30,41,694 | 68 | 4,52,18,691 | 31.61 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2015-16 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2015-16 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി. | 20 | 9,43,05,617 | 14 | 1,77,10,254 | 18.78 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ. | 63 | 3,85,71,566 | 34 | 1,89,81,390 | 49.21 |
| 3 | മെഡിക്കൽ ഓഫിസർ ഹോമിയോ | 2 | 3,00,000 | 2 | 3,00,000 | 100 |
| 4 | സി.ഡി.പി.ഓ | 11 | 38,65,350 | 10 | 36,41,786 | 94.21 |
| 5 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫിസർ | 1 | 4,51,250 | 1 | 4,51,250 | 100 |
| 6 | പട്ടികജാതി വികസന ഓഫിസർ | 1 | 18,69,011 | 1 | 18,69,011 | 100 |
| 7 | അസിസ്റ്റ് ഡയറക്ടർ | 3 | 7,98,000 | 3 | 7,95,129 | 99.64 |

| | | | | | | |
|---|---|---|---|---|---|---|
| | (കൃഷി) | | | | | |
| 8 | അസിസ്റ്റ ഡയറക്ടർ സീനിയർ വെറ്ററിനറി സർജൻ | 1 | 18,00,000 | 1 | 5,00,000 | 27.77 |
| 9 | സൂപ്രണ്ട്,സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും കൈമാറി കിട്ടിയ ക്ഷേമ സ്ഥാപനം | 2 | 10,80,900 | 2 | 9,69,871 | 89.72 |
| | ആകെ | 104 | 14,30,41,694 | 68 | 4,52,18,691 | 31.61 |

2015-16 വർഷം ആകെ 104 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും 68 പ്രൊജക്ടുകളാണ് നടപ്പാക്കുവാൻ സാധിച്ചത്. ഇതുപ്രകാരം ആകെ പദ്ധതി അടങ്കലിന്റെ 31.61% മാത്രമാണ് തൻവർഷം വിനിയോഗിക്കുവാൻ സാധിച്ചത് പൊതുമരാമത്ത് മേഖലയിൽ ആകെ അംഗീകാരം ലഭിച്ച 63 പ്രൊജക്ടുകളിൽ 34 എണ്ണം നടപ്പാക്കുന്നതിനായി 1,89,81,390കോടി രൂപ വിനിയോഗിക്കുകയുണ്ടായി. (ഈ മേഖലയിലെ ആകെ പദ്ധതി അടങ്കലിന്റെ 49.21%മാത്രമാണ് ചെലവ്.

## 1-7 തനത് വരുമാനം.

ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വരവുകൾ ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | -ഇല്ല- | | | |
| നികുതിയേതര വരവുകൾ | -ഇല്ല- | | | |
| മറ്റുവരവുകൾ | -ഇല്ല- | 81,090 | (+) 81,090 | |
| ആകെ | | 81,090 | (+)81,090 | |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

ഓഡിറ്റ് തീയതികളിൽ ക്യാഷ് ബാലൻസ് ഇല്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-09-2016 മുതൽ 30-09-2016 വരെ | 2014-15 | 29-09-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-02-2016 മുതൽ 18-02-2016 വരെ | 01-02-2015മുതൽ 31-01-2016 വരെ | 02-04-2016 |

## ഭാഗം-2

## വരവ് കണക്കുകളിൽമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

-ഇല്ല-

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കെ.കെ. പുരം - കുന്നിൽ ഫൂട്ട് പാത്ത് & ഡ്രൈനേജ് നിർമ്മാണം - കോൺക്രീറ്റ് പ്രവൃത്തിക്ക് - കൂടിയ നിരക്ക് അനുവദിച്ചത് -അംഗീകരിക്കുന്നില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

ചെങ്കള ഗ്രാമ പഞ്ചായത്തിലെ കെ.കെ. പുരം - കുന്നിൽ ഫൂട്ട് പാത്ത് & ഡ്രൈനേജ് നിർമ്മാണം പ്രവൃത്തിയിൽ കോൺക്രീറ്റ് ((CC 1:3:6 using 50% 40mm stone and 50% 20mm stone) പ്രവൃത്തിക്ക് കൂടിയ നിരക്ക് അനുവദിച്ചതു മൂലം ₹ 31,800/- കരാറുകാരന് അധികം നൽകിയിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രവൃത്തിയുടെ പേര് | കെ.കെ. പുരം - കുന്നിൽ ഫൂട്ട് പാത്ത് & ഡ്രൈനേജ് നിർമ്മാണം | | |
| അടങ്കൽ | ₹24,12,000/- കോർപ്പസ് ഫണ്ട് | | |
| എസ്റ്റിമേറ്റ് | ₹24,12,000/- | | |
| സാങ്കേതികാനുമതി നം | TS No EE/LSGD/KSD/TS/239/14-15Dated:22.01.2015 of the Executive Engineer, LSGD Divison, Kasaragod. | | |
| എം. ബുക്ക് നം. | 53/14-15 | | |
| ആകെ അളവ് മൂല്യം | ₹ 20,28,149/- (ടെണ്ടർ കുറവ് കഴിച്ച് ₹16,38,136/-) | | |
| കരാറുകാരൻ | ശ്രീ. മൊഹമ്മദ് അഷറഫ്. | | |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാളും 19.23% കുറവ്. | | |
| എഗ്രിമെന്റ് നമ്പർ | 55/AEE/LSGD/KBP/KSD തീയതി 12.03.2015 | | |
| കരാറുകാരന് നൽകിയ തുക | ട്രഷറി ബിൽ നം./തീയതി. | ബിൽ തുക | കരാറുകാരന് നൽകിയത് |
| | 4/15-16\CORPUS, തീ 23.01.2016 (വൗച്ചർ നം-26/05.02.16) | ₹ 16,38,136 | ₹15,39,849/- |

കെ.കെ. പുരം - കുന്നിൽ ഫൂട്ട് പാത്ത് & ഡ്രൈനേജ് നിർമ്മാണ പ്രവൃത്തിക്കായി 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 12 ഇനം പ്രവൃത്തികളാണുള്ളത്. എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവൃത്തിയിലെ 5ാമത്തെ ഇനം “Cement Concrete 1:3:6 using 50% 40mm broken stone and 50% 20mm broken stone including all labour, materials and conveyance charges etc complete”എന്നതാണ്. എസ്റ്റിമേറ്റിൽ 144.50 $m^3$ അളവ് പ്രവൃത്തി ചെയ്യുന്നതിന് ഈ ഇനത്തിന് 7370/$m^3$ എന്ന നിരക്കിൽ 10,64,965/- രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 8) പ്രകാരം ഐറ്റം നം.5 ആയി 115..80/ $m^3$ അളവ് കോൺക്രീറ്റ് (Cement Concrete 1:3:6 using 50% 40mm broken stone and 50% 20mm broken stone) പ്രവൃത്തി ചെയ്തിട്ടുണ്ട്. ഇത്രയും അളവ് പ്രവൃത്തി ചെയ്തതിന് 7370/$m^3$ എന്ന നിരക്കിൽ 8,53,446/- രൂപ അളവ് മൂല്യം കണക്കാക്കി (എം.ബുക്ക്, പേജ് 26) കഴിവ് നടത്തി ₹ 6,89,328/- കരാറുകാരന് അനുവദിച്ചിട്ടുമുണ്ട്.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തിയിലെ 5ാമത്തെ ഇനമായ കോൺക്രീറ്റ് (Cement Concrete 1:3:6 using 50% 40mm broken stone and 50% 20mm broken stone) പ്രവൃത്തിയുടെ നിരക്ക് 7030/$m^3$ രൂപയായി കണക്കാക്കിയത്. എന്നാൽ 7030/$m^3$ എന്നുള്ള നിരക്ക് പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകിയപ്പോൾ തിരുത്തി 7370/$m^3$ എന്നാക്കി മാറ്റുകയാണുണ്ടായത്.

2012 ലെ SOR പ്രകാരം കാസറഗോഡ് ബ്ലോക്കിൽ 'Cement Concrete 1:3:6 using 50% 40mm broken stone and 50%

20mm broken stone' എന്നയിനം പ്രവൃത്തിയുടെ അനുവദനീയമായ നിരക്ക് 7030/$m^3$ രൂപയാണ്, ആയതിന്റെ ഡാറ്റ താഴെ കൊടുക്കുന്നു.

| Cement Concrete 1:3:6 using 50% 40mm broken stone and 50% 20mm broken stone including all labour, materials and conveyance charges etc complete. | | | | |
|---|---|---|---|---|
| Quantity | Description | Unit | Rate | Amount |
| Material | | | | |
| 0.475$m^3$ | 40mm broken stone (50% of 0.95$m^3$) | $m^3$ | 659.00 | 313.03 |
| 0.45$m^3$ | 20mm broken stone (50% of 0.90$m^3$) | $m^3$ | 942.00 | 423.90 |
| 0.24$m^3$ | Sand (50% of 0.48$m^3$) | $m^3$ | 2777.00 | 666.48 |
| 0.225$m^3$ | Sand (50% of 0.45$m^3$) | $m^3$ | 2777.00 | 624.83 |
| 0.114 Kg | Cement (50% of 228 Kg) | MT | 5940.00 | 677.14 |
| 0.108 Kg | Cement 50% of 216 Kg) | MT | 5940.00 | 641.52 |
| Labour | | | | |
| 0.15 No | Mason | Each | 471.00 | 70.65 |
| 1.00 No | Man | Each | 377.00 | 377.00 |
| 2.45 | Women | Each | 377.00 | 923.65 |
| Conveyance | | | | |
| 0.475$m^3$ | 40mm broken stone | $m^3$ | 646.00 | 306.85 |
| 0.45$m^3$ | 20mm broken stone | $m^3$ | 646.00 | 290.70 |

| | | | | |
|---|---|---|---|---|
| $0.465m^3$ | Sand | $m^3$ | 1254.00 | 583.11 |
| 0.222 Kg | Cement 50% of 216 Kg) | MT | 323.00 | 71.71 |
| Total ₹ | | | | 5970.59 |
| Rounded to ₹ | | | | $5970/m^3$ |

ഈ പ്രവൃത്തിയുടെ ഫയലിൽ സൂക്ഷിച്ചിരിക്കുന്ന ഡാറ്റ പ്രകാരം ഐറ്റം നം.5 ആയ Cement Concrete 1:3:6 using 50% 40mm broken stone and 50% 20mm broken stone പ്രവൃത്തിയുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത് ചുവടെ ചേർത്ത പ്രകാരമാണ്.

| Main Data | | |
|---|---|---|
| Description | Rate | Amount |
| Cement Concrete (1:3:6 using 50% 40mm b/ s and 50% 20mm b/s) | $5970/m^3$ | ₹ 5970.00 |
| $0.270/m^2$ average form work | $5311.69/10/m^2$ | ₹ 143.42 |
| Total | | ₹ 6113.42 |
| (+) 10% CP | | ₹ 611.34 |
| (+) 5% OH | | ₹ 305.67 |
| Rate for 1 $m^3$ | | ₹ 7030.43 |
| Rounded to | | ₹ $7030/m^3$ |

മേൽപറഞ്ഞ നിരക്ക് പ്രകാരം പ്രവൃത്തിയുടെ 5-ാമത്തെ ഇനമായി $115.80m^3$ അളവ് കോൺക്രീറ്റ് (Cement Concrete (1:3:6 using 50% 40mm b/ s and 50% 20mm b/s) പ്രവൃത്തി ചെയ്തതിന് 30,172/- രൂപ മാത്രമാണ് കരാറുകാരന് അനുവദിക്കേണ്ടിയിരുന്നത് ($115.80m^3$ x $7030/m^3$ = ₹8,14,074/- ടെണ്ടർ കിഴിവ് (19.23%) നടത്തിയാൽ ₹ 6,57,528/-). എന്നാൽ കരാറുകാരന് ₹ 6,89,328/- അനുവദിച്ചത് ക്രമ പ്രകാരമല്ല. അധികം നൽകിയ 31,800/- രൂപ (₹ 6,89,328 - ₹ 6,57,528) പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.
(പ്രവൃത്തിക്കായി ₹ 31,800/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.6 തീ: 16.02.2017 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-2 പന്നിപ്പാറ അങ്കണവാടി കെട്ടിട നിർമ്മാണം - പ്ലാസ്റ്ററിംഗ് പ്രവൃത്തിക്ക് രണ്ട് പ്രാവശ്യം തുക അനുവദിച്ചത് -അംഗീകരിക്കുന്നില്ല.

നിർവ്വഹണോദ്യോഗസ്ഥൻ – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

മധൂർ ഗ്രാമ പഞ്ചായത്തിലെ പന്നിപ്പാറ കെട്ടിട നിർമ്മാണ പ്രവൃത്തിയിൽ ടോയിലറ്റിന്റെ ചുമര് രണ്ട് പ്രാവശ്യം പ്ലാസ്റ്ററിംഗ് പ്രവൃത്തിനടത്തിയതിനാൽ ₹ 4,073/- അധിക ചെലവുണ്ടായിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | SO 48/16 (പന്നിപ്പാറ അങ്കണവാടി കെട്ടിട നിർമ്മാണം) |
| അടങ്കൽ | ₹10,00,000/- വികസന ഫണ്ട് പൊതു വിഭാഗം |
| എസ്റ്റിമേറ്റ് | ₹10,00,000/- |

| | | | |
|---|---|---|---|
| സാങ്കേതികാനുമതി നം | TS No 524/AEE/LSGD/KSD Dated:28.11.2014 of the Assistant Executive Engineer, LSGD Sub Divison, Kasaragod Block Panchayat. | | |
| എം. ബുക്ക് നം. | 58/14-15 | | |
| ആകെ അളവ് മൂല്യം | ₹ 9,33,158/- (നികുതികൾ ഉൾപ്പെടെ ₹ 9,88,568/-) | | |
| കൺവീനർ | ശ്രീ. ടി. എം.നന്ദകുമാർ S/o നാണു, പന്നിപ്പാറ | | |
| എഗ്രിമെന്റ് നമ്പർ | 41/AEE/LSGD/KSD തീയതി 19.01.2015 | | |
| കൺവീനർക്ക് നൽകിയ തുക | ട്രഷറി ബിൽ നം./തീയതി. | ബിൽ തുക | കൺവീനർക്ക് നൽകിയത് |
| | 7/15-16, തീ 15.12.15 | ₹ 9,88,568/- | ₹9,31,915/- |

പന്നിപ്പാറ അങ്കണവാടി കെട്ടിട നിർമ്മാണ പ്രവൃത്തിക്കായി 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 33 ഇനം പ്രവൃത്തികളാണുള്ളത്. എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവൃത്തിയിലെ 16ാമത്തെ ഇനം "Dadoing walls with best glazed tiles 7.5mm thick or nearest size in CM 1:3, 12mm thick and pointing with coloured cement "എന്നതാണ്. എസ്റ്റിമേറ്റ് പ്രകാരം ഈ ഇനം പ്രവൃത്തി ചെയ്യുന്നതിന് താഴെ വിവരിക്കും പ്രകാരം $1242/m^2$ എന്ന നിരക്കിൽ 30,815/- രൂപ വകയിരുത്തിയിട്ടുണ്ട്.

| | No | Length | Height | Area | Rate | Amount |
|---|---|---|---|---|---|---|
| Toilet | 2 | 6.40m | 1.80m | $23.04m^2$ | | |
| Kitchen slab | 1 | 3.00m | 0.60m | $1.80m^2$ | | |
| | | | Total area | $24.84m^2$ | $1242/m^2$ | ₹ 30,851/- |

പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 37) പ്രകാരം ഐറ്റം നം.16 ആയി താഴെ വിവരിക്കും പ്രകാരം $22.31\ m^2$ അളവ് "Dadoing walls with best glazed tiles 7.5mm thick or nearest size in CM 1:3, 12mm thick" പ്രവൃത്തി ചെയ്തിട്ടുണ്ട്.

| Item No | Description | No | Length | Height | Area |
|---|---|---|---|---|---|
| 16 | Toilet | 2 | 6.40m | 1.60m | $20.48m^2$ |
| | Kitchen slab | 1 | 0.60m | 0.30m | $0.18m^2$ |
| | | 1 | 3.05m | 0.30m | $0.91m^2$ |
| | | 1 | 2.47m | 0.30m | $0.74m^2$ |
| | | | | Total | $22.31m^2$ |

ഇത്രയും അളവ് പ്രവൃത്തി ചെയ്തതിന് $1242/\ m^2$ എന്ന നിരക്കിൽ 27,709/- രൂപ അളവ് മൂല്യം കണക്കാക്കി (എം.ബുക്ക് പേജ് 57 ) കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 14ാമത്തെ ഇനം "Plastering with CM 1:4, 12mm thick one coat for wall including cost conveyance and all labour charges ctc complete"എന്നതാണ്. എസ്റ്റിമേറ്റിൽ $325.62\ m^2$ അളവ് ചുമര് പ്ലാസ്റ്ററിംഗ് പ്രവൃത്തി ചെയ്യുന്നതിന് $1989/10m^2$ എന്ന നിരക്കിൽ 64,765/- രൂപ വകയിരുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം

ചുമര് പ്ലാസ്റ്ററിംഗ് പ്രവൃത്തി നടത്തേണ്ട 325.62 $m^2$ അളവിൽ ടോയിലറ്റിന്റെ അകം ചുമര് പ്ലാസ്റ്ററിംഗ് നടത്തേണ്ട 38.40$m^2$ (2 x 6.40m x 3.0m = 38.40$m^2$) അളവും ഉൾപ്പെടുന്നുണ്ട്.

ഈ പ്രവൃത്തിയുടെ ഫയലിൽ സൂക്ഷിച്ചിരിക്കുന്ന അങ്കണവാടി കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ഉയരം 3m ആണ്. പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ് 29) പ്രകാരം ഐറ്റം നം.14 ആയി ആകെ 301.28 $m^2$ അളവ് പ്ലാസ്റ്ററിംഗ് പ്രവൃത്തി (Plastering with CM 1:4, 12mm thick one coat for wall) ചെയ്തിട്ടുണ്ട്. അളവ് പുസ്തകം പ്രകാരം ചുമര് പ്ലാസ്റ്ററിംഗ് പ്രവൃത്തി നടത്തിയ 301.28 $m^2$ അളവിൽ ടോയിലറ്റിന്റെ അകം ചുമര് പ്ലാസ്റ്ററിംഗ് നടിത്തിയ 38.40$m^2$ (2 x 6.40m x 3.0m = 38.40$m^2$) അളവും ഉൾപ്പെടുന്നുണ്ട്. ഐറ്റം നം.14 ആയി ആകെ 301.28$m^2$ അളവ് പ്ലാസ്റ്ററിംഗ് പ്രവൃത്തി ചെയ്തതിന് 1989/10$m^2$ എന്ന നിരക്കിൽ 59,925/- രൂപ അളവ് മൂല്യം കണക്കാക്കി (എം.ബുക്ക് പേജ് 56 ) കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്.

പ്രവൃത്തിയുടെ 16ാമത്തെ ഇനമായി “Dadoing walls with best glazed tiles 7.5mm thick or nearest size in CM 1:3, 12mm thick and pointing with coloured cement”എന്നയിനം പ്രവൃത്തിയിൽ ടോയിലറ്റിന്റെ അകം ചുമര് 20.48$m^2$ അളവിൽ പ്ലാസ്റ്ററിംഗ് പ്രവൃത്തികൂടി ഉൾപ്പെട്ടിട്ടുള്ളതിനാൽ, ഐറ്റം നം 14 -ൽ (Plastering with CM 1:4, 12mm thick one coat) ഉൾപ്പെടുത്തി ഇതേ പ്രതലം പ്ലാസ്റ്ററിംഗ് പ്രവൃത്തി നടത്തേണ്ടതില്ല. ആയതിനാൽ ഐറ്റം നം 14 പ്രകാരം ടോയിലറ്റിന്റെ അകം ചുമര് 20.48$m^2$ അളവിൽ പ്ലാസ്റ്ററിംഗ് പ്രവൃത്തിക്കായി കൺവീനർക്ക് 4,073/- രൂപ ( 20.48$m^2$ x 1989/10$m^2$ ) അനുവദിച്ചിട്ടുണ്ട്. അധികം നൽകിയ 4,073/- രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ എഞ്ചിനീയറിൽനിന്നും പ്രവൃത്തിക്ക് സാങ്കേതികാനുമതി നല്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(പ്രവൃത്തിക്കായി ₹ 4,073/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം. 2 തീ: 15.02.2017 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-3 കുന്നിൽ അങ്കണവാടി കെട്ടിട നിർമ്മാണം - സിറാമിക് ടൈൽസ് ഉപയോഗിച്ചുള്ള ഫ്ലോറിംഗ് പ്രവൃത്തിക്ക് - കൂടിയ നിരക്ക് അനുവദിച്ചത് -അംഗീകരിക്കുന്നില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്തിലെ കുന്നിൽ അങ്കണവാടി കെട്ടിട നിർമ്മാണ പ്രവൃത്തിയിൽ സിറാമിക് ടൈൽസ് ഉപയോഗിച്ചുള്ള ഫ്ലോറിംഗ് (Flooring with ceramic tiles 7.5mm thick in CM 1:3, 12mm thick) പ്രവൃത്തിക്ക് കൂടിയ നിരക്ക് അനുവദിച്ചതു മൂലം ₹ 1,728/- കൺവീനർക്ക് അധികം നൽകിയിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നം. | SO 53/16 (കുന്നിൽ അങ്കണവാടി കെട്ടിട നിർമ്മാണം) | | |
| അടങ്കൽ | ₹10,03,364/- (വികസന ഫണ്ട് പൊതു വിഭാഗം) | | |
| എസ്റ്റിമേറ്റ് | ₹10,00,000/- | | |
| സാങ്കേതികാനുമതി നം | TS No 601/AEE/LSGD/KSD Dated:20.01.2015 of the Assistant Executive Engineer, LSGD Sub Divison, Kasaragod Block Panchayat. | | |
| എം. ബുക്ക് നം. | 41/14-15 & 59/14-15 | | |
| ആകെ അളവ് മൂല്യം | ₹ 9,03,311/- (നികുതികൾ ഉൾപ്പെടെ ₹ 9,57,510/-) | | |
| കൺവീനർ | ശ്രീമതി. ബേബി. എം. W/o ഗോപാല.കെ | | |
| എഗ്രിമെന്റ് നമ്പർ | 43/AEE/LSGD/KSD തീയതി 23.01.2015 | | |
| കൺവീനർക്ക് നൽകിയ തുക | ട്രഷറി ബിൽ നം./തീയതി. | ബിൽ തുക | കൺവീനർക്ക് നൽകിയത് |

| | | | | |
|---|---|---|---|---|
| | | | | |
| | 43/14-15, തീ 28.02.15 | മുൻകൂർ | ₹ 1,00,000- | ₹ 1,00,000- |
| | 64/14-15,<br>തീ 31.03.15 | പാർട്ട് ബിൽ | ₹ 4,10,043/- | ₹ 3,71,549/- |
| | 10/15-16,<br>തീ 15.12.15 | അന്തിമ ബിൽ | ₹ 4,47,467/- | ₹413,696/- |
| | | ആകെ | ₹ 9,57,510/- | ₹ 8,85,245/- |

കുന്നിൽ അങ്കണവാടി കെട്ടിട നിർമ്മാണ പ്രവൃത്തിക്കായി 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ആകെ 43 ഇനം പ്രവൃത്തികളാണുള്ളത്. എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവൃത്തിയിലെ 15ാമത്തെ ഇനം "Flooring with Ceramic tiles 7.5mm thick or nearest available size in CM 1:, 12mm thick and pointing the cement of same colour including cost and conveyance of all materials and all labour charges etc complete"എന്നതാണ്. എസ്റ്റിമേറ്റിൽ 3.84 $m^2$ അളവ് പ്രവൃത്തി ചെയ്യുന്നതിന് ഈ ഇനത്തിന് 1243/$m^2$ എന്ന നിരക്കിൽ 4,326/- രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രവൃത്തിയുടെ അളവ് പുസ്തകം (നം 41/14-15,പേജ് 51) പ്രകാരം ഐറ്റം നം.15 ആയി 3.47/ $m^2$ അളവ് സിറാമിക് ടൈൽസ് ഉപയോഗിച്ചുള്ള ഫ്ലോറിംഗ് (Flooring with Ceramic tiles 7.5mm thick or nearest available size in CM 1:3, 12mm thick) പ്രവൃത്തി ചെയ്തിട്ടുണ്ട്. ഇത്രയും അളവ് പ്രവൃത്തി ചെയ്തതിന് 1243/ $m^2$ എന്ന നിരക്കിൽ 4,313/- രൂപ അളവ് മൂല്യം കണക്കാക്കി (പേജ് 33, എം.ബുക്ക് നം 59/14-15) കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്.

2012 ലെ SOR പ്രകാരം കാസറഗോഡ് താലൂക്കിൽ 'Flooring with Ceramic tiles 7.5mm thick or nearest available size in CM 1:, 12mm thick' എന്നയിനം പ്രവൃത്തിയുടെ അനുവദനീയമായ നിരക്ക് 745/$m^2$ രൂപയാണ്, ആയതിന്റെ ഡാറ്റ താഴെ കൊടുക്കുന്നു.

| Flooring with Ceramic tiles 7.5mm thick or nearest available size in CM 1:3, 12mm thick and pointing with coloured cement. | | | | |
|---|---|---|---|---|
| Quantity | Description | Unit | Rate | Amount |
| Material | | | | |
| 1.05 $m^3$ | Ceramic tiles | $m^3$ | 401.00 | 421.05 |
| 2.30 Kg | Cement | MT | 5940.00 | 13.66 |
| Labour | | | | |
| 0.15 No | Rubble Mason | Each | 471.00 | 70.65 |
| 0.05 No | Man | Each | 377.00 | 18.85 |
| 0.0375 | Man( Boy) | Each | 377.00 | 14.14 |
| Conveyance | | | | |
| 2.30 Kg | Cement | MT | 323.00 | 0.74 |

| | | | | |
|---|---|---|---|---|
| 0.62 | LS for coloured cement | LS | 5.00 | 3.10 |
| 1.00 | Add Cement plastering 13, 12mm thick one coat as per Sl no 506 | $10m^2$ | 2023.65 | 202.36 |
| Total ₹ | | | | 744.56 |
| Rounded to ₹ | | | | $745/m^2$ |

മേൽപറഞ്ഞ നിരക്ക് പ്രകാരം പ്രവൃത്തിയുടെ 15-ാമത്തെ ഇനമായി $3.47m^2$ അളവ് സിറാമിക് ടൈൽസ് ഉപയോഗിച്ചുള്ള ഫ്ലോറിംഗ് പ്രവൃത്തിക്കായി 2,585/- രൂപ മാത്രമാണ് കൺവീനർക്ക് അനുവദിക്കേണ്ടിയിരുന്നത് ($3.47m^2$ x $745/m^2$). എന്നാൽ കൺവീനർക്ക് ₹ 4,313/- അനുവദിച്ചത് ക്രമ പ്രകാരമല്ല. പ്രവൃത്തിക്കായി ₹ 1,728/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.36 തീ: 31.01.2017 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 1,728/- രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും പ്രവൃത്തിക്ക് സാങ്കേതികാനുമതി നല്കിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(തൻ വർഷം ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ പന്നിപ്പാറ അങ്കണവാടി കെട്ടിട നിർമ്മാണം (പ്രൊജക്ട് നം. എസ്.ഒ 48/16), നൃൂബേവിഞ്ച അങ്കണവാടി കെട്ടിട നിർമ്മാണം (പ്രൊജക്ട് നം. എസ്.ഒ 52/16), പറക്കില അങ്കണവാടി കെട്ടിട നിർമ്മാണം (പ്രൊജക്ട് നം. എസ്.ഒ 54/16), കീഴൂർ കടപ്പുറം അങ്കണവാടി കെട്ടിട നിർമ്മാണം (പ്രൊജക്ട് നം. എസ്.ഒ 51/16) എന്നീ പ്രവൃത്തികളിലെല്ലാം “Flooring with Ceramic tiles 7.5mm thick or nearest available size in CM 1:3, 12mm thick” എന്ന ഇനം പ്രവൃത്തിക്ക് $745/m^2$ എന്ന നിരക്കാണ് കണക്കാക്കിയിരിക്കുന്നത്).

## 3-4 ഗുണഭോക്തൃ സമിതികൾ മുഖേന നിർവഹണം നടത്തിയ 10 ലക്ഷത്തിനു മുകളിൽ അളവുമൂല്യമുള്ള പ്രവൃത്തികൾക്ക് കുറഞ്ഞ നിരയ്ക്കിൽ വാറ്റ് ഈടാക്കി- സംസ്ഥാന സർക്കാരിന് നഷ്ടം.

2003 ലെ കേരള മൂല്യ വർദ്ധിത നിയമത്തിലെ 6 (എഫ്) വകുപ്പ് പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ കരാർ തുക 10 ലക്ഷത്തിനു മുകളിലാണെങ്കിൽ ഉയർന്ന നിരക്കിലാണ് നികുതി ഈടാക്കേണ്ടത്. ഇതേ നിയമത്തിലെ 10(2A)(ii)(b) വകുപ്പ് പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ കരാർ തുക 10 ലക്ഷത്തിനു മുകളിലാണെങ്കിൽ 10% നിരക്കിൽ നികുതി ഈടാക്കേണ്ടത്.എന്നാൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഗുണഭോക്തൃ സമിതികൾ മുഖേന നിർവഹണം നടത്തിയ 10 ലക്ഷത്തിനു മുകളിൽ അളവുമൂല്യമുള്ള താഴെ പറയുന്ന പ്രവൃത്തികളിൽ മൂല്യ വർദ്ധിത നികുതി (വാറ്റ്) ഇനത്തിൽ 5% നിരക്കിലാണ് ഈടാക്കിയത്. കുറഞ്ഞ നിരയ്ക്കിൽ നികുതി ഈടാക്കിയതിനാൽ സംസ്ഥാന സർക്കാരിന് ₹ 1,33,434/- നഷ്ടം ഉണ്ടായിട്ടുണ്ട്. കുറഞ്ഞ നിരയ്ക്കിൽ നികുതി ഈടാക്കിയത് ഓഡിറ്റ് എൻക്വയറി നമ്പർ 3, തീയതി 15.02.2016 മുഖേന നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട ₹ 1,33,434/- ബന്ധപ്പെട്ടവകുപ്പിൽ ഒടുക്കേണ്ടതാണ്.

| പ്രവൃത്തിയുടെ വിവരം | ഗുണഭോക്തൃ സമിതി കൺവീനറുടെ പേര്. | ആകെ അളവുമൂല്യം | കൺവീനർക്ക് തുക അനുവദിച്ചതിന്റെ വിവരം | | | വാറ്റ് ഇനത്തിൽ ഈടാക്കിയ തുക (5% നിരക്കിൽ) | വാറ്റ് ഇനത്തിൽ ഈടാക്കേണ്ട തുക(10% നിരക്കിൽ) | വാറ്റ് ഇനത്തിൽ ഈടാക്കതിൽ കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| | | | അന്തിമ ബില്ലിന്റെ വിവരം | വൗച്ചർ നം/തീയതി | ബിൽ തുക | | | |
| പദ്ധതിയുടെ പേര്-ഉളിയത്തടുക്ക പുളിക്കൂർ റോഡ് ടാറിംഗ്.<br>അടങ്കൽ- 15 ലക്ഷം<br>എസ്ററിമേററ്-15 ലക്ഷം (13,65,592/- + | പ്രവീൺ കുമാർ. ബി, S/o ചെനിയ.പി, ഉളിയത്തടുക്ക. | 13,47,863/-<br>(പേജ് നം 40, അളവ് പുസ്തകം) | അളവുമൂല്യം- 13,47,863/<br>(+) വാറ്റ് (5%)- 67,393/-<br>(+) നി.തൊ. - 13,479/<br>ബിൽ തുക 14,28,735/-<br>(-) വാറ്റ് (5%)- 67,393/-<br>(-) നി.തൊ. - 13,479/- | 71/15-16<br>02.03.16 | 14,28,735/- | 67,393/- | 1,34,786/-<br>(13,47,863 x10/100) | 67,393/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| നികുതികൾക്ക് 1,34,408/-)<br>അളവ് പുസ്തകം-<br>നം 01/15-16 /CORPUS<br>എഗ്രിമെന്റ് നം-47/AEE /LSGDKBP/KSD<br>തീ: 31.01.2015 | | | ക്ഷേമ നിധി<br>(-) അദായ നികുതി- 26,957/-<br>---------------<br>കൺവീനർക്ക്അനുവദിച്ചതുക - 13,20,906/- | | | | | |
| പദ്ധതിയുടെ പേര്-കെ. കെ. പുരം പടിഞ്ഞാർ പട്ടികജാതി കോളനി ഫൂട്ട് പാത്ത് & ഡ്രൈനേജ്<br>അടങ്കൽ- 14.85 ലക്ഷം<br>എസ്ററിമേററ്- 14.85 ലക്ഷം (13,39,943/- + നികുതികൾക്ക് 1,45,057/-)<br>അളവ് പുസ്തകം-<br>നം 35A/14-15<br>എഗ്രിമെന്റ് നം-36/AEE /LSGDKBP/KSD<br>തീ: 05.01.2015 | കമാരൻ, S/o അദ്ദു,<br>കെ. കെ. പുരം<br>. | 13,20,815/-<br>(പേജ് നം 21, അളവ് പുസ്തകം) | അളവുമൂല്യം- 13,20,815/-<br>(+) വാറ്റ് (5%)- 66,041/-<br>(+) നി.തൊ. - 13,208/<br>ബിൽ തുക 14,00,064/-<br>(-) വാറ്റ് (5%)- 66,041/-<br>(-) നി.തൊ. - 13,208/-<br>ക്ഷേമ നിധി<br>(-) അദായ നികുതി- 26,416/-<br>---------------<br>കൺവീനർക്ക് അനുവദിച്ചതുക - 12,94,399/- | 25/15-16<br>15.02.16 | 14,00,064/- | 66,041/- | 1,32,082/-<br>(13,20,815 x10/100) | 66,041/- |
| | | | | | | | ആകെ: | 1,33,434/- |

## 3-5 പത്ര പരസ്യത്തിന് അധികനിരക്ക് നൽകിയത്

നിർവ്വഹണം-അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രൊജക്റ്റിന്റെ പേര് -ടെണ്ടർ നോട്ടീസ് ചെലവ്.

ജി.ഒ(ആർ.ടി)288/2014/പി&എ.ആർ.ഡി 10-9-14 പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് വിവിധ ദിനപത്രങ്ങളുടെ പരസ്യനിരക്ക് എഡിഷൻ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച് പരസ്യങ്ങൾ പി&എ.ആർ.ഡി വകുപ്പ് മുഖേന നല്കിയാലും നേരിട്ട് നല്കിയാലും 15 % ഡിസ്കൗണ്ട് അനുവദിക്കണം. എന്നാൽ താഴെ കൊടുത്തിരിക്കുന്ന പത്ര പരസ്യങ്ങൾക്ക് ബിൽ തുക നല്കിയപ്പോൾ തുകയിൽ 15% കുറവ് ലഭിച്ചിട്ടില്ല.

| പത്രത്തിന്റെപേര് | ബിൽ നം/തിയ്യതി | നിരക്ക് | നീളംx വീതിx | നല്കിയ തുക | വൗച്ചർ നം./ ചെക്ക് നം./തീ. | നൽകേണ്ട തുക | അധികം നല്കിയത് |
|---|---|---|---|---|---|---|---|
| ചന്ദ്രിക | 2856/22.02.2016 | 60 | 8X8 | 3840 | 3939938/28.04.2015 | 3264 | 576 |
| ചന്ദ്രിക | 1794/31.12.2015 | 80 | 8 x 8 | 5120 | 1366857/05.03.2016 | 4352 | 768 |
| മാതൃഭൂമി | 60763436/31.12.15 | 220 | 8 x 5 | 8800 | 60763436/31.12.15 | 7480 | 1320 |
| | 60781735/27.01.16 | 220 | 8x6 | 10560 | 60781735/27.01.16 | 8976 | 1584 |
| | 60777070/20.01.16 | 220 | 8 X 5 | 8800 | 60777070/20.01.16 | 7480 | 1320 |
| ചന്ദ്രിക | 1976/29.01.16 | 80 | 8x8 | 5120 | 1366876/31.03.16 | 4352 | 768 |
| | ആകെ | | | | | | 6,336 |

പത്രപരസ്യങ്ങൾക്ക് ബിൽ തുക നല്കിയപ്പോൾ മേൽ ഉത്തരവ് പ്രകാരമുള്ള 15% ഇളവ് കുറവ് ചെയ്യാതെ ബിൽ തുക മുഴുവൻ നല്കിയനാൽ 6,336 /- രൂപ നിരാകരിക്കുന്നു.തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-6 വിനിയോഗസാക്ഷ്യപത്രം - ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണം-സെക്രട്ടറി,

2015-16 സാമ്പത്തിക വർഷം വിവിധ പദ്ധതികൾനടപ്പിലാക്കുന്നതിനുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 6,45,332/- രൂപ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മറ്റു സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.04തി 16-02-17) 6,45,332 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ബിൽ നമ്പർ & തീയ്യതി | തുക | തുക നൽകിയ വിവരം |
|---|---|---|
| 19/15-16 തീ.05.03.16 | 2,00,000 | കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിക്ക് ഡയാലിസിസ് സൗകര്യം ഒരുക്കുന്നത് ബ്ലോക്ക് പഞ്ചായത്ത് വിഹിതം - സെക്രട്ടറി കാസറഗോഡ് ജില്ലാ പഞ്ചായത്തിന് നൽകിയത് പ്രൊജക്റ്റ് നം. 109/16 DD No-746758 തീ. 19.03.16 |
| 20/15-16 തീ.15.03.16 | 4,00,000/- | തെരുവ് നായ്ക്കളെ വന്ധ്യംകരണം നടത്തുന്നത് ബ്ലോക്ക് പഞ്ചായത്ത് വിഹിതം - സെക്രട്ടറി കാസറഗോഡ് ജില്ലാ പഞ്ചായത്തിന് നൽകിയത് പ്രൊജക്റ്റ് നം.110/16 DD No-746757 തീ. 19.03.16 |
| 41/15-16 തീ.31.03.16 | 45,332 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം -എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫോർമേഷൻ കേരള മിഷൻ സ്വരാജ് ഭവൻ, തിരുവനന്തപുരംന് നൽകിയത് പ്രൊജക്റ്റ് നം.116/16 DD No312998 തീ.28.03.2016 |
| ആകെ | 6,45,332 | |

## 3-7 ഭവന നിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല

2015-15 സാമ്പത്തിക വർഷത്തിൽ കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 6 ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്ന വിവിധ IAY ഭവന നിർമ്മാണ പദ്ധതി പ്രകാരം ഭവന നിർമ്മാണ

ആനുകൂല്യത്തിനായി 379 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ/രജിസ്റ്ററുകൾ പരിശോധിച്ചതിൽ ആകെയുള്ള 379 ഗുണഭോക്താക്കളിൽ 148 ഗുണഭോക്താക്കൾ ഓഡിറ്റ് തീരുംവരെയും (18.02.17) ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. ഈ ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമാണം പൂർത്തിയാക്കാത്തതിനാൽ ഇതു വരെ നടത്തിയ ചെലവ് ഫല പ്രാപ്തിയെത്താത്ത ചെലവായി തുടരുകയാണ്. ആയതിനാൽ 2015-16 വർഷത്തിൽ ഭവന നിർമ്മാണം ആരംഭിച്ച് നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ച് വിശദമായ പുരോഗതി വിവരം ഓഡിറ്റ് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പി.എ.യു കാസർഗോഡ് ജില്ലാ പഞ്ചായത്ത് വിഹിതം | 07.10.2015 | 27,72,000 | ഐ.എ.വൈ വിഹിതം(ജന)പ്രോജക്ട് നം.03/2016 | 27,72,000 | ഇല്ല |
| കുമ്പള ഗ്രാമ പഞ്ചായത്ത് | 22.01.2016 | 6,80,000 | ഐ.എ.വൈ ബ്ലോക്ക് വിഹിതം(ജന-വനിത)പ്രോജക്ട് നം.29/2016 | 2,00,000 | 4,80,000 |
| മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് | 01.01.2016 | 4,00,000 | ഐ.എ.വൈ ബ്ലോക്ക് വിഹിതം(ജന-ഭിന്നശേഷിയുള്ളവർ)പ്രോജക്ട് നം.41/2016 | 1,20,000 | 2,80,000 |
| ചെങ്കള ഗ്രാമ പഞ്ചായത്ത് | 22.01.2016 | 9,40,000 | ഐ.എ.വൈ ബ്ലോക്ക് വിഹിതം(ജന-ഭിന്നശേഷിയുള്ളവർ)പ്രോജക്ട് നം.41/2016 | 2,20,000 | 7,20,000 |
| ബദിയടുക്ക ഗ്രാമ പഞ്ചായത്ത് | 02.02.2016 | 5,60,000 | ഐ.എ.വൈ ബ്ലോക്ക് വിഹിതം(ജന-ഭിന്നശേഷിയുള്ളവർ)പ്രോജക്ട് നം.41/2016 | 80,000 | 4,80,000 |
| കുമ്പള ഗ്രാമ പഞ്ചായത്ത് | 23.01.2016 | 80,000 | ഐ.എ.വൈ ബ്ലോക്ക് വിഹിതം(ജന-ഭിന്നശേഷിയുള്ളവർ)പ്രോജക്ട് നം.41/2016 | ഇല്ല | 80,000 |
| കുമ്പള ഗ്രാമ പഞ്ചായത്ത് | 19.02.2016 | 20,000 | ഐ.എ.വൈ ബ്ലോക്ക് വിഹിതം(ജന-ഭിന്നശേഷിയുള്ളവർ)പ്രോജക്ട് നം.41/2016 | ഇല്ല | 20,000 |
| ചെമ്മനാട് ഗ്രാമ പഞ്ചായത്ത് | 29.02.2016 | 9,00,000 | ഐ.എ.വൈ ബ്ലോക്ക് വിഹിതം(ജന-ഭിന്നശേഷിയുള്ളവർ)പ്രോജക്ട് നം.41/2016 | 3,60,000 | 5,40,000 |

| | | | | | |
|---|---|---|---|---|---|
| മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് | 01.03.2016 | 20,000 | ഐ.എ.വൈ ബ്ലോക്ക് വിഹിതം(ജന-ഭന്നശേഷിയുള്ളവർ)പ്രോജക്കട് നം.41/2016 | ഇല്ല | 20,000 |
| മധൂർ ഗ്രാമ പഞ്ചായത്ത് | 30.01.2016 | 6,80,000 | ഐ.എ.വൈ ബ്ലോക്ക് വിഹിതം(ജന-ഭന്നശേഷിയുള്ളവർ)പ്രോജക്കട് നം.41/2016 | 2,40,000 | 4,40,000 |
| പി.എ.യു കാസർഗോഡ് ജില്ലാ പഞ്ചായത്ത് വിഹിതം | 06.10.15 | 5,60,000 | ഐ.എ.വൈ ബ്ലോക്ക് വിഹിതം(എസ്.സി.പി)പ്രോജക്കട് നം.35/2016 | 3,36,000 | 2,24,000 |
| മൊഗ്രൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് | 01.01.2016 | 80,000 | ഐ.എ.വൈ ബ്ലോക്ക് വിഹിതം(എസ്.സി.പി-വനിത)പ്രോജക്കട് നം.33/2016 | ഇല്ല | 80,000 |
| കുമ്പള ഗ്രാമ പഞ്ചായത്ത് | 21.01.2016 | 4,00,000 | ഐ.എ.വൈ ബ്ലോക്ക് വിഹിതം(എസ്.സി.പി-വനിത)പ്രോജക്കട് നം.33/2016 | ഇല്ല | 4,00,000 |
| ബദിയടുക്ക ഗ്രാമ പഞ്ചായത്ത് | 02.02.2016 | 5,80,000 | ഐ.എ.വൈ ബ്ലോക്ക് വിഹിതം(എസ്.സി.പി-വനിത)പ്രോജക്കട് നം.33/2016 | 20,000 | 5,60,000 |
| ചെങ്കള ഗ്രാമ പഞ്ചായത്ത് | 02.02.2016 | 1,00,000 | ഐ.എ.വൈ ബ്ലോക്ക് വിഹിതം(എസ്.സി.പി-വനിത)പ്രോജക്കട് നം.33/2016 | 60,000 | 40,000 |
| ചെമ്മനാട് ഗ്രാമ പഞ്ചായത്ത് | 26.02.2016 | 3,00,000 | ഐ.എ.വൈ ബ്ലോക്ക് വിഹിതം(എസ്.സി.പി-വനിത)പ്രോജക്കട് നം.33/2016 | 20,000 | 2,80,000 |
| കുമ്പള ഗ്രാമ പഞ്ചായത്ത് | 15.03.2016 | 40,000 | ഐ.എ.വൈ ബ്ലോക്ക് വിഹിതം(എസ്.സി.പി-വനിത)പ്രോജക്കട് നം.33/2016 | 20,000 | 20,000 |
| പി.എ.യു കാസർഗോഡ് ജില്ലാ പഞ്ചായത്ത് വിഹിതം | 06.10.2015 | 7,73,500 | ഐ.എ.വൈ ഭവന നിർമ്മാണം (പട്ടികവർഗ്ഗം)പ്രോജക്കട് നം.37/2016 | 5,00,500 | 2,73,000 |
| ബദിയടുക്ക ഗ്രാമ പഞ്ചായത്ത് | 02.02.2016 | 10,40,000 | ഐ.എ.വൈ ഭവന നിർമ്മാണം (പട്ടികവർഗ്ഗം)പ്രോജക്കട് നം.38/2016 | 7,47,500 | 2,92,500 |

| | | | | | |
|---|---|---|---|---|---|
| ചെങ്കള ഗ്രാമ പഞ്ചായത്ത് | 02.02.2016 | 5,15,000 | ഐ.എ.വൈ ഭവന നിർമ്മാണം (പട്ടികവർഗ്ഗം)പ്രോജക്ട് നം.38/2016 | 20,000 | 4,95,000 |

വിവിധപദ്ധതികൾക്കായി മറ്റ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിന്നും ലഭിച്ച് ചെലവഴിക്കുവാനവശേഷിക്കുന്ന തുക വിനിയോഗിക്കുവാൻ സാധിക്കാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവന പദ്ധതി | സ.ഉ (എം.എസ്) നം 90/13തസ്വഭവ തി. 14-03-2013 | 96,00,000 | 92,00,000 | 38,00,000 | - | 54,00,000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,82,73,039 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,84,85,993 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 43,937/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,45,332/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3(1) | ---- | 31,800.00 | ശ്രീ.ശംസുദ്ദീൻ.എം.വി,എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3(2) | --- | 2,036.50 | ശ്രീ.ആശോകൻ,അസി.എഞ്ചിനീയർ |
| | --- | 2,036.50 | ശ്രീ.കെ.എം.കുഞ്ഞുമോൻ,അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3(3) | --- | 864.00 | ശ്രീ.ആശോകൻ,അസി.എഞ്ചിനീയർ |
| | --- | 864.00 | ശ്രീ.കെ.എം.കുഞ്ഞുമോൻ,അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3(5) | ----- | 6,336.00 | ശ്രീ.രാജീവൻ ഉറുമിവളപ്പിൽ,<br>അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | ----- | 43,937.00 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(6) | 6,45,332 | ശ്രീ.പത്മാധരൻ.എൻ,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|

| നം. | | |
|---|---|---|
| 3(4) | 1,33,434/- | ശ്രീ.രാജീവൻ ഉറുമിവളപ്പിൽ,അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ ഖണ്ഡിക

ഖണ്ഡിക - ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖണ്ഡിക നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 3(1) | ശ്രീ.ശംസുദ്ദിൻ.എം.വി, എക്സിക്യൂട്ടിവ് എഞ്ചിനീയർ | എക്സിക്യൂട്ടിവ് എഞ്ചിനീയർ,കണ്ണൂർ നഗരസഭ, | ശംസുദ്ദീൻ.എം.വി,Sha's, ondenparamba,കണ്ണൂർ-2 |
| 3(2)&3(3) | ശ്രീ.ആശോകൻ.ആർ,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,പുറമറ്റം ഗ്രമപഞ്ചായത്ത്, കോയിപ്രം,പത്തനം തിട്ട | ഫ്ളാറ്റ് നം-1 സി,SFS Mynt,പട്ടം,തിരുവനന്തപുരം-695 004 |
| | ശ്രീ.കെ.എം.കുഞ്ഞുമോൻ, അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ, കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്. | അജന്ത ഹൗസ്, കറുഗയിൽ, തട്ടംപള്ളി, ആലപ്പുഴ, പിൻ-680 013. |
| 3(5) | ശ്രീ.രാജീവൻ ഉറുമിവളപ്പിൽ, അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ | ---- | മൈത്രിറോഡ്,പീരക്കംത്തഡം, പിലാത്തറ കണ്ണൂർ-670 504 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.കെ.എസ്.ഡി 6/242/12 തീയ്യതി 16-4-12 | 8 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി 3/250/11 തീയ്യതി 5-7-2011 | 14 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി 3/251/2011 തീയ്യതി 5-7-2011 | 8 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി 3/252/2011 തീയ്യതി 5-7-2011 | 7 |
| 01-02 | എൽ.എഫ്.കെ.എസ്.ഡി 3/253/2011 തീയ്യതി 5-7-2011 | 7 |
| 02-03 | എൽ.എഫ്.കെ.എസ്.ഡി 3/254/2011 തീയ്യതി 5-7-2011 | 11 |
| 03-04 | എൽ.എഫ്.കെ.എസ്.ഡി 3/255/2011 തീയ്യതി 5-7-2011 | 2 |
| 04-05 | എൽ.എഫ്.കെ.എസ്.ഡി 6/245/2012 തീയ്യതി 16-04-2012 | 3 |
| 05-06 | എൽ.എഫ്.കെ.എസ്.ഡി 6/246/2012 തീയ്യതി 28-05-2012 | 3 |
| 06-07 | എൽ.എഫ്.കെ.എസ്.ഡി 4/938/2011 തീയ്യതി 07-08-2012 | 7 |

| | | |
|---|---|---|
| 07-08 | എൽ.എഫ്.കെ.എസ്.ഡി 6/239/2012 തീയ്യതി 11-09-2012 | 8 |
| 08-09 to 2010-11 | എൽ.എഫ്.കെ.എസ്.ഡി 8/238/2013 തീയ്യതി 26-03-2013 | 21 |
| 2011-12 | എൽ.എഫ്.കെ.എസ്.ഡി 8/775/2013 തീയ്യതി 22-02-2014 | 10 |
| 2012-13,2013-14 | എൽ.എഫ്.കെ.എസ്.ഡി 6/1320/2014തീയ്യതി 01-01-2015 | 5 |
| 2014-15 | കെ.എസ്.എ. കെ.എസ്.ഡി6/937/2016തീയ്യതി 18-10-2016 | 7 |

തീർപ്പാക്കാൻ അവശേഷിക്കന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കാസറഗോഡ്

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി 6/199 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

തീയതി 22.03.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻറെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിൻറെ 2015-16- വർഷത്തെ വാർഷിക ധനകാര്യ പത്രികകൾ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്

No. KSA -KSD 6/199/17

Kerala State Audit Department

District Audit Office,Kasaragod

Phone: 0499-4256690
Dated: 22.03.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kasaragod Block Panchayat in Kasaragod District for the year ended on 31-03-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kasaragod Block Panchayat for the year 2015-16 except the observations in my Audit Report , properly presents the picture of income and expenditure.

Senior Deputy Director

Kerala State Audit Department

District Audit Office, Kasaragod